# തിരുവനന്തപുരം സിറ്റി പോലീസ്

## ഇരുചക്ര വാഹനമോഷ്ടാക്കൾ പിടിയിൽ

തിരുവനന്തപുരം:- മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ പരിസരത്ത് നിന്നും ഇരുചക്രവാഹന മോഷണം നടത്തിയ പ്രതികൾ മെഡിക്കൽ കോളേജ് പോലീസിന്റെ പിടിയിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റിപ്ര വില്ലേജിൽ പൗണ്ട് കടവ്, വലിയവേളി ഗ്രൗണ്ടിന് സമീപം തൈവിളാകം ഹൗസിൽ അജിത് (27 വയസ്സ്) ആറ്റിപ്ര വില്ലേജിൽ പൗണ്ട് കടവ്, വലിയവേളി ഗ്രൗണ്ടിന് സമീപം തൈവിളാകം ഹൗസിൽ വിജീഷ്(22 വയസ്സ്) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.





മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത
അജിത് (27), വിജീഷ് (22)

പത്തനാപുരം, വിളക്കുടി, പറയരുവിള രാംദാസിന്റെ ബൈക്കാണ് കഴിഞ്ഞ 21-ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഓഫീസിന് മുൻവശത്ത്നിന്ന് പ്രതികൾ മോഷ്ടിച്ച് കൊണ്ട് പോയത്. തുടർന്ന് സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം, ഡി സി പി (ക്രമസമാധാനം & ട്രാഫിക് ) ഡോ. ദിവ്യ വി ഗോപിനാഥിന്റെ മേൽനോട്ടത്തിൽ മെഡിക്കൽ കോളേജ് എസ്.എച്ച്.ഒയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതികൾ വലയിലായത്. ഒന്നാം പ്രതിക്കെതിരെ വലിയതുറ പോലീസ് സ്റ്റേഷനിൽ വധശ്രമ കേസുകൾ നിലവിലുണ്ട്. മോഷണത്തിലൂടെയും മറ്റും ലഭിക്കുന്ന പണം ലഹരി വസ്തുക്കളുടെ ഉപയോഗത്തിനാണ് പ്രതികൾ ചിലവഴിക്കുന്നത്. പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ മോഷണകേസുകളിൽ ഇവർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുന്നതാണ്. എസ് എച്ച് ഒ ഹരിലാൽ, എസ് ഐ പ്രശാന്ത്, എസ്.സി.ഒ രഞ്ജിത്ത്, സി.പി.ഒ മാരായ പ്രതാപൻ, ശ്രീജിത്ത്, വിനീത് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്.